DESPATCHED
On..26/02/22..........

24/2/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 1884(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 16188/SIC-G4/2021)**

സന്നിഹിതൻ

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 24**

ശ്രീ. നാരായണൻ കുട്ടി കെ.,
28/575/3, പാലിയം റോഡ്,
തൃശ്ശൂർ – 680 001. } അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
(പൊതുഭരണ വിഭാഗം),
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
തൃശ്ശൂർ – 680 001.
2) അപ്പീൽ അധികാരി &
പി.എ. ടു സെക്രട്ടറി, പൊതു ഭരണ വിഭാഗം,
തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
തൃശ്ശൂർ – 680 001. } എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 09/07/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/08/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 23/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 08/11/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 01/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 08/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 17/12/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 22/02/2022 – ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. നാരായണൻ കുട്ടി കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 2–ാമത് ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ വിവരാവകാശ നിയമം 8(ബി) പ്രകാരം നൽകിയില്ലെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിന് ലഭിച്ച മറുപടിയിൽ ടി രേഖകൾ ബഹു. ഹൈക്കോടതി റൂൾ 128, 129 പ്രകാരം കോടതി രേഖകളായതിനാൽ നൽകുവാൻ നിർവ്വാഹമില്ലെന്നാണ് മറുപടി നൽകിയിട്ടുള്ളതെന്നും ആയതിനാൽ അപേക്ഷയിൽ 2–ാമത് ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി അനുവദിച്ചു നൽകുവാൻ തൃശ്ശൂർ കോർപ്പറേഷന് നിർദ്ദേശം നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 09.07.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 2–ാമത് ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, തൃശ്ശൂർ കോർപ്പറേഷൻ എതിർകക്ഷിയായിട്ടുള്ളതും ബഹു. ഹൈക്കോടതി പരിഗണിച്ചതുമായ WP(C) 3061/2013, 10087/2016, 4025/2018, CC 194/2019 എന്നിവയിൽ തൃശ്ശൂർ കോർപ്പറേഷൻ ഫയലാക്കിയ മറുപടികളുടെയും S.O.F. കളുടെയും പകർപ്പുകൾ നൽകണമെന്നാണ്.

3. മേൽപ്പടി ഇനത്തിന് 04.08.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, വിവരാവകാശ നിയമം 2005 സെക്ഷൻ 8(ബി) പ്രകാരം രേഖകൾ നൽകാൻ കഴിയില്ലെന്നാണ്. ടി മറുപടിയ്ക്കെതിരെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, അപേക്ഷയിലെ 2–ാം നമ്പർ ഇനത്തിന് നൽകിയ മറുപടി തൃപ്തികരമല്ലെന്നും ടി കേസുകളിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ ആവശ്യപ്പെട്ട രേഖകൾ സൗജന്യമായി നൽകണമെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷനെതിരെ ബഹു. ഹൈക്കോടതിയിലുള്ള ഹർജികളിന്മേൽ തൃശ്ശൂർ കോർപ്പറേഷൻ സെക്രട്ടറി ഹാജരാക്കിയ വിവരങ്ങളുടെ പകർപ്പുകൾ (അഫിഡവിറ്റുകൾ, വസ്തുതാ വിവര പത്രിക) ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ 16.9.2021–ന് സെക്രട്ടറി ഉത്തരവായിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ പരിശോധിച്ചതിൽ അപേക്ഷകൻ ആവശ്യപ്പെട്ട രേഖകൾ 1971–ലെ കേരള ഹൈക്കോടതി റൂൾ 128, 129 പ്രകാരം കോടതി രേഖകളാണെന്നും ആയതിനാൽ ടി രേഖകൾ നഗരസഭയിൽ നിന്ന് നൽകുവാൻ നിർവ്വാഹമില്ലെന്ന് തീരുമാനിച്ച് ഉത്തരവാകുന്നുവെന്നാണ്.

4. രണ്ടാം .എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ബഹു. കേരള ഹൈക്കോടതി മുമ്പാകെയുള്ള WP(c) 3061/2013, 10087/2016, 4025/2018, CC 194/2019 നമ്പർ ഹർജികളിൽ നഗരസഭ, കോടതി മുമ്പാകെ ഹാജരാക്കിയ രേഖകളാണ് ഹർജിക്കാരൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും എന്നാൽ തീർപ്പായ ഹർജികളുടെ വിധിന്യായം മാത്രമേ പൊതുരേഖയായി അനുവദിക്കാൻ സാധിക്കുകയുള്ളു എന്നും ഹൈക്കോടതിയിൽ ഹർജിയുടെ ആവശ്യത്തിനായി സമർപ്പിച്ച രേഖകളെല്ലാം കോടതിരേഖകളായതിനാൽ നഗരസഭയിൽ നിന്നും അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണെന്നും ഹർജികളിന്മേലുള്ള വസ്തുതാവിവരണ പത്രിക കക്ഷി എന്ന നിലയ്ക്ക് കോർപ്പറേഷനും അഭിഭാഷകനും തമ്മിലുള്ള ആശയവിനിമയമാകയാൽ ആയത്

പൊതുരേഖയല്ലാത്തതും വിവരാവകാശ നിയമം 8(ഇ) പ്രകാരം അനുവദിക്കാൻ നിർവ്വാഹമില്ലാത്തതുമാണെന്നും WP(C) 4025/2018, CC 194/2019 ഹർജികളിൽ ടിയാൻ നേരിട്ട് കക്ഷിയല്ലാത്തതുമാണെന്നും 1971-ലെ കേരള ഹൈക്കോടതി റൂൾ 128 & 129 പ്രകാരം ഹർജികൾ സംബന്ധിച്ച വിവരങ്ങളും രേഖകളും കോടതിയിൽ നിന്നാണ് അനുവദിക്കുന്നതെന്നും നേരിട്ട് കക്ഷിയായ ഹർജിയുടെ വിവരങ്ങൾ ലഭിക്കുന്നതിന് റൂൾ 128 പ്രകാരവും നേരിട്ട് കക്ഷിയാകാത്ത ഹർജിയുടെ വിവരങ്ങൾ ലഭിക്കുന്നതിന് റൂൾ 129 പ്രകാരവും അപേക്ഷിക്കുന്ന മുറയ്ക്ക് ലഭിക്കുന്നതാണെന്നും കൂടാതെ ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നം. 1966, 1967/2020 ഹർജിയിൻമേൽ കോടതിയുമായി ബന്ധപ്പെട്ട വിവരങ്ങളും രേഖകളും ലഭിക്കുന്നതിന് ഹൈക്കോടതി റൂൾ പ്രകാരം മാത്രമേ സാധിക്കൂ എന്നും ടി രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാകില്ല എന്നും ഉത്തരവായിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ഹർജിയുമായി ബന്ധപ്പെട്ട രേഖകൾ ഹർജിക്കാരന് വിവരാവകാശ അപേക്ഷയിന്മേൽ അനുവദിക്കാതിരുന്നതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലെ 2-ാമത് ഇനത്തിൽ ആവശ്യപ്പെട്ട, ബഹു.ഹൈക്കോടതി പരിഗണിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ച WP(C) 3061/2013, 10087/2016, 4025/2018, CC 194/2019 എന്നീ കേസുകളിൽ കോർപ്പറേഷൻ സെക്രട്ടറി ഹാജരാക്കിയ അഫിഡവിറ്റുകൾ, വസ്തുതാവിവരണ പത്രിക എന്നിവയുടെ പകർപ്പുകൾ ആണെന്ന് കാണുന്നു. ഒരു പൊതു അധികാരി അഡ്വക്കേറ്റിനു സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ടസ് വിവരാവകാശ നിയമ പ്രകാരം വെളിപ്പെടുത്തുന്നതു സംബന്ധിച്ച് ബഹു. ഹൈക്കോടതി WP(C) 11525/2008 (Greater Cochin Development Authority *VS* V.G. Jeji & SIC) നമ്പർ കേസ്സിലെ 21.11.2016-ന് പുറപ്പെടുവിച്ച വിധി ന്യായത്തിൽ താഴെ പറയും പ്രകാരം തീർപ്പു കൽപ്പിക്കുകയുണ്ടായി.

"When the Statement of Facts is not one liable to be catalogued or indexed as provided in section 4(1)(a) , then it is not liable to be divulged or furnished to the informer seeker. When the Statement of facts does not come under the purview of record, it is not necessary to furnish any information sought with respect to that. At the moment the statement of facts is furnished to its counsel, the nature and character of the document attain the privilege of confidentiality. Once it reaches the hands of the counsel it is completely within the domain of counsel and

thereafter the statement of fact s can no longer be given to anybody even assuming that it is a record as defined in the RTI Act. Hence the applicant cannot have any right to get the copy of such a record and the authorities are not right in directing to furnish such a document"

മേൽ വിധിയിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് വിവരാവകാശ നിയമത്തിലെ 8(1)(ഇ) വകുപ്പു പ്രകാരം നൽകേണ്ടതില്ല എന്ന് കോടതി പ്രസ്താവിച്ച സാഹചര്യത്തിൽ എതിർകക്ഷികളുടെ നടപടി കമ്മീഷൻ ശരി വയ്ക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 24-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി